II ഇ. ബി. XIV - കേരള നിയമസഭ/XIII- 11

**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 ഡിസംബർ 12, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും സഭാ കവാടത്തിനു മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന എം.എൽ.എ.മാർക്ക് അഭിവാദ്യം അർപ്പിച്ചും യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(ചോദ്യകർത്താക്കൾ ചോദ്യം ഉന്നയിക്കാത്തതിനാൽ *301-ാം നമ്പർ ചോദ്യം പരിഗണനയ്ക്കെടുത്തില്ല.)

16(*302) <u>അന്തർ സംസ്ഥാന നദീജല കരാറുകൾ</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ, ശിരുവാണി കുടിവെള്ള പദ്ധതി കരാർ, പെരിയാർ പാട്ടക്കരാർ, മുല്ലപ്പെരിയാർ അനുബന്ധ കരാറുകൾ എന്നീ അന്തർ സംസ്ഥാന നദീജല കരാറുകളിലാണ് സംസ്ഥാനം തമിഴ്നാടുമായി ഏർപ്പെട്ടിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. 1988-ൽ കാലാവധി പൂർത്തിയായ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതിനുള്ള ചർച്ചകൾ പുനരാരംഭിച്ച് വിവരം അറിയിക്കണമെന്ന് കേന്ദ്ര ജലകമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിയമോപദേശം ലഭ്യമാക്കിയതിനുശേഷം പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുമെന്നും കരാർ ലംഘനത്തിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ടെന്നും അർഹതപ്പെട്ട ജലവിഹിതം നേടിയെടുക്കുന്നതിന് ശ്രമിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം പെരിയാർ കടുവ സങ്കേതമേഖലയിലായതിനാൽ പാരിസ്ഥിതികാനുമതിയുൾപ്പെടെയുള്ള വിവിധ ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിനും തമിഴ്നാട് സർക്കാരുമായി ഉഭയകക്ഷി സമ്മതത്തിൽ ഏർപ്പെടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പരിസ്ഥിതി ആഘാത

പഠനത്തിനുവേണ്ടി സമർപ്പിച്ച Terms of Reference-ന് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം നിബന്ധനകളോടെ അംഗീകാരം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. പ്രളയത്തെ തുടർന്ന് തകർന്ന വീടുകളുടെ പുനർനിർമ്മാണം അസാദ്ധ്യമായ മുല്ലപ്പെരിയാർ പ്രദേശവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ചട്ടമൂന്നാർ-പട്ടിശ്ശേരി ഡാമുകൾ പുതുക്കി പണിയേണ്ട ആവശ്യകത സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

17(*303) <u>സർക്കാർ ആശുപത്രികളിലെ ലബോറട്ടറി സൗകര്യങ്ങൾ</u>

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രാബല്യത്തിൽ വരുന്നതോടുകൂടി സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾ ഉൾപ്പെടുന്ന ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനം ക്രമീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആധുനിക സൗകര്യങ്ങളുള്ള ലബോറട്ടറികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ആർദ്രം മിഷന്റെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ 170 കേന്ദ്രങ്ങളിൽ ലാബ് സൗകര്യം ഒരുക്കുന്നതിനായി 5 കോടി

രൂപ അനുവദിക്കുകയും ഓരോ ലാബ് ടെക്നീഷ്യനെ വീതം നിയമിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ലാബ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി ആരംഭിക്കുകയും അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിഗണനയിലുമാണ്. 473 ലാബ് ടെക്നീഷ്യന്മാരുടെയും 5 ജൂനിയർ ലാബ് അസിസ്റ്റന്റുമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും എൻ.എച്ച്.എം. വഴി 327 ലാബ് ടെക്നീഷ്യന്മാരെ നിയമിച്ചിട്ടുണ്ടെന്നും എല്ലാ സി.എച്ച്.സി.കളിലും ഓരോ സ്റ്റാഫ് നഴ്സിന്റെയും ഫിസിയോ തെറാപ്പിസ്റ്റിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പബ്ലിക് ഹെൽത്ത് ലബോറട്ടറികളെ ശക്തിപ്പെടുത്തുന്നതിനും പുതിയ ഹെൽത്ത് ലാബുകൾ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ ഹിസ്റ്റോപാത്തോളജി ലബോറട്ടറി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടെന്നും ബയോകെമിസ്ട്രി ആട്ടോ/ഹെമറ്റോളജി/ ഹോർമോൺ അനലൈസർ, ആട്ടോമാറ്റിക് ഗാമാകൗണ്ടർ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു. വയനാട്, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ പുതുതായി അനുവദിച്ച പബ്ലിക് ഹെൽത്ത് ലാബുകളുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 44 ആശുപത്രികളിൽ ആരംഭിച്ച ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം പ്രസവം നടക്കാറുള്ള എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും

വ്യാപിപ്പിച്ചിട്ടുണ്ട്. താലൂക്ക്/ജില്ലാ ആശുപത്രികളെ ആധുനികവത്കരിക്കുന്നതിനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മാസ്റ്റർപ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് പയ്യന്നൂർ താലൂക്ക് ആശുപത്രി നവീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. 35 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുകയും ടെക്നീഷ്യന്മാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനുമായി അമൃതം ആരോഗ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രമേഹ അനുബന്ധ/ശ്വാസകോശ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും കുടുംബ/പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആശുപത്രികളിലും സ്ക്രീനിംഗ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി നൽകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ജീവിതശൈലീ രോഗ നിർണ്ണയത്തിനാവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആരംഭഘട്ടത്തിൽ കാൻസർ രോഗം കണ്ടെത്തി ചികിത്സിക്കുന്നതിനായി കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ രൂപീകരിച്ചിട്ടുണ്ടെന്നും മെഡിക്കൽ കോളേജുകളെയും കാൻസർ സെന്ററുകളെയും ശക്തമാക്കി ബയോപ്സി റിസൾട്ട്

വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളം കാരണം തുടർന്നുള്ള ചോദ്യങ്ങൾ പരിഗണനയ്ക്കെടുത്തില്ല.)

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3779 മുതൽ 4109 വരെയുള്ള ചോദ്യങ്ങളിൽ 45 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)